പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1294 — 03.12.2018 ൽ മറുപടിക്ക്

## ട്രെയിനുകൾ റദ്ദാക്കുന്നത് തടയാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.യു. ആർ. പ്രദീപ് | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) ലോക്കോ പൈലറ്റുമാരുടെ കുറവുമൂലം സംസ്ഥാനത്ത് പാസഞ്ചർ ട്രെയിനുകൾ അടക്കമുള്ള ട്രെയിനുകൾ ട്രിപ്പുകൾ റദ്ദാക്കുന്നു എന്ന മാധ്യമവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ട്രെയിൻ യാത്രക്കാരെ അത്യന്തം ദോഷകരമായി ബാധിക്കുന്ന ഈ പ്രവണത അവസാനിപ്പിക്കുന്നതിന് റെയിൽവേയുമായി ബന്ധപ്പെട്ട് നടപടി സ്വീകരിയ്ക്കുമോ, എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ? | (ബി) ട്രെയിൻ യാത്രക്കാരെ അത്യന്തം ദോഷകരമായി ബാധിക്കുന്ന ഈ പ്രവണത അവസാനിപ്പിക്കണമെന്നും, ആവശ്യമായ ലോക്കോ പൈലറ്റിനെ നിയമിക്കണമെന്നും, ഒഴിവുകൾ നികത്തണമെന്നും, ലോക്കോ പൈലറ്റുമാരുടെ കുറവുമൂലം സംസ്ഥാനത്ത് റദ്ദാക്കിയ പാസഞ്ചർ ട്രെയിനുകൾ അടക്കമുള്ള ട്രെയിനുകൾ പുനഃസ്ഥാപിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് 04.09.2018 ൽ കേന്ദ്ര റെയിൽവേ വകുപ്പ് മന്ത്രിക്ക് റെയിൽവേയുടെ ചുമതലയുള്ള മന്ത്രി കത്ത് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ